(എ) ഉണ്ട്

(ബി) വിദഗ്ദ്ധസമിതി രൂപീകരിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ഓരോ തലത്തിലും ഉൾപ്പെടുത്തേണ്ട സർക്കാർ ഉദ്യോഗസ്ഥരുടെ പട്ടിക പ്രസ്തുത ഉത്തരവിലുണ്ട്. അവരെ കൂടാതെ മറ്റ് ഉദ്യോഗസ്ഥാനുദ്യോഗസ്ഥരെ നാമനിർദ്ദേശം ചെയ്യാൻ കളക്ടർക്ക് അധികാരം നൽകിയിട്ടുണ്ട്.

(സി) ഇല്ല. ജനകീയാസൂത്രണ പരിപാടികൾ നടപ്പിലാക്കുന്നതിനായി സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവനുസരിച്ചാണ് വിദഗ്ദ്ധ സമിതികൾ രൂപീകരിക്കപ്പെട്ടിട്ടുള്ളത്.

(ഡി) രാഷ്ട്രീയകക്ഷികളൊന്നും സർക്കാരിനെ പ്രതിഷേധം അറിയിച്ചിട്ടില്ല.

(ഇ) ഉണ്ട്.

(എഫ്) പ്രോജക്റ്റുകൾ വിലയിരുത്തി സാങ്കേതികാനുമതി നൽകുക, പദ്ധതി പ്രവർത്തനങ്ങൾ സമയബന്ധിതമായി ചെയ്തു തീർക്കുക മുതലായവയ്ക്കാവശ്യമായ ഉദ്യോഗസ്ഥന്മാരുടെ അഭാവത്താലാണ് വിദഗ്ദ്ധസമിതിയെന്ന സംവിധാനം ഏർപ്പെടുത്തിയിട്ടുള്ളത്.

(ജി) തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് സാങ്കേതിക വൈദഗ്ദ്ധ്യമുള്ളവരുടെ സേവനം ലഭിക്കുന്നതുവരെ നിലവിലുള്ള സംവിധാനം തുടരുന്നതാണ്.

24 (*144) ജനകീയാസൂത്രണം വഴി ഉല്പാദന - സേവന മേഖലകളിലെ പുരോഗതി

ശ്രീ. പിരപ്പൻകോട് മുരളി :
ശ്രീ. പി. കെ. കുമാരൻ :
ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ :
ശ്രീ. എം.വി. ജയരാജൻ :
ശ്രീ. ടി.കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനകീയാസൂത്രണ പരിപാടി നിലവിൽ വന്നതിനുശേഷം നാളിതുവരെ ഉത്പാദന-സേവന-മേഖലകളിൽ സംസ്ഥാനത്തിനുണ്ടായിട്ടുള്ള പുരോഗതി വിലയിരുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ ഓരോ മേഖലയിലും ഇതിനകം ഉണ്ടായിട്ടുള്ള നേട്ടം പ്രതിപാദിക്കുന്ന സ്റ്റേറ്റ്മെന്റ് മേശപ്പുറത്തു വയ്ക്കുമോ;

(സി) സേവനമേഖലകളിൽ ഏതെല്ലാം കാര്യങ്ങൾക്കാണ് തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ പ്രധാനമായും മുൻഗണന നൽകുന്നതെന്നും ഇതുമൂലം ഈ രംഗത്ത് സംസ്ഥാനത്തുണ്ടായിട്ടുള്ള നേട്ടങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ;

(ഡി) ഉത്പാദന മേഖലയിൽ ചെലവഴിക്കുന്ന തുകയ്ക്ക് അനുസൃതമായ പുരോഗതിയുണ്ടായിട്ടുണ്ടോ എന്നു വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലൊളി മുഹമ്മദ്കുട്ടി) :

(എ) 1997-98 ലെ പുരോഗതി വിലയിരുത്തിയിട്ടുണ്ട്. 1998-99 വാർഷിക പദ്ധതി പ്രവർത്തനങ്ങളുടെ പുരോഗതി സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചുവരുന്നു.

(ബി) വിവിധതലത്തിലുള്ള തദ്ദേശ ഭരണ സ്ഥാപനങ്ങൾ 1997-98-ൽ നടപ്പാക്കിയ പ്രോജക്റ്റുകൾ സംബന്ധിച്ച വിവിരം താഴെ ചേർക്കുന്നു.

തദ്ദേശഭരണ സ്ഥാപനം	ഉല്പാദന മേഖല	സേവന മേഖല	പശ്ചാത്തല മേഖല	ആകെ
ഗ്രാമപഞ്ചായത്ത്	19734	18725	12067	50526
ബ്ലോക്ക് പഞ്ചായത്ത്	2329	4935	1534	8798
ജില്ലാ പഞ്ചായത്ത്	1159	1220	977	3356
മുനിസിപ്പാലിറ്റികൾ	1076	1777	1361	4214
കോർപ്പറേഷനുകൾ	166	298	429	893
ആകെ	24464	26955	16368	67787

ഈ പദ്ധതികളിലൂടെ ഉണ്ടായ ഭൗതിക നേട്ടങ്ങൾ:

1. വിത്ത്, വളം, കാർഷിക ഉപകരണങ്ങൾ ഇവയുടെ വിതരണം	19,84,732 ഗുണഭോക്താക്കൾ എണ്ണം
2. പശുക്കളുടെ വിതരണം	51,900 എണ്ണം
3. ആടുകളുടെ വിതരണം	1,25,481 എണ്ണം
4. കോഴികളുടെ വിതരണം	14,23,091 എണ്ണം
5. തൊഴുത്തുകളുടെ വിതരണം	24,366 എണ്ണം
6. വീടുകൾ	44,380 എണ്ണം
7. കക്കൂസുകൾ	1,24,368 എണ്ണം
8. കിണറുകൾ	25,464 എണ്ണം
9. ടാപ്പുകൾ	10,413 എണ്ണം
10. കുളങ്ങൾ (ഉപയോഗയോഗ്യമാക്കിയത്)	9,417 എണ്ണം
11. റോഡ്	2,702 കി.മി
12. കലുങ്കുകൾ	860 എണ്ണം
13. പാലങ്ങൾ	378 എണ്ണം

(സി) 1997-98-ൽ പാർപ്പിട നിർമ്മാണത്തിന് 3473 പ്രോജക്ടുകളിൽ ആയി 110 കോടി രൂപയും കുടിവെള്ളത്തിന് 4968 പ്രോജക്ടുകളിലായി 58.56 കോടി രൂപയും ആരോഗ്യ മേഖലയിൽ 2283 പ്രോജക്ടുകൾക്കായി 22.15 കോടി രൂപയും വിദ്യാഭ്യാസ മേഖലയിൽ 4638 പ്രോജക്ടുകളിലായി 33.05 കോടി രൂപയും വകയിരുത്തി. ഇതിലൂടെ 44,380 വീടുകൾ, 1,24,368 കക്കൂസുകൾ 25,464 കിണറുകൾ 10,413 വാട്ടർടാപ്പുകൾ എന്നിവ നിർമ്മിക്കാൻ കഴിഞ്ഞു. 1998-99-ൽ പദ്ധതി നടത്തിപ്പിലൂടെ ഉണ്ടായ നേട്ടങ്ങൾ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചുവരുന്നു.

(ഡി) 1997-98-ൽ 19,84,732 ഗുണഭോക്താക്കൾക്ക് വിത്ത്, വളം, കാർഷിക ഉപകരണങ്ങൾ തുടങ്ങിയവ വിതരണം ചെയ്തു. കൂടാതെ 51,900 പശുക്കൾ 1,25,481 ആടുകൾ, 14,23,091 കോഴികൾ എന്നിവ വിതരണം ചെയ്യുകയും 24,366 തൊഴുത്തുകൾ നിർമ്മിക്കുകയും 9,417 കുളങ്ങൾ ഉപയോഗയോ

LIBRARY ARCHIVES Kerala Legislative Assembly

ഗൃമാക്കുകയും ചെയ്തു. 1998-99-ൽ ഈ മേഖലയിൽ ഉണ്ടായ നേട്ടങ്ങൾ സംബന്ധിച്ച് വിവരങ്ങൾ ശേഖരിച്ചുവരുന്നു.

25 (*145) തെരുവുനായ്ക്കളുടെ ശല്യം തടയുന്നതിനുള്ള നടപടി

ശ്രീ. രാജു എബ്രഹാം :

ശ്രീ. വെങ്ങാനൂർ. പി. ഭാസ്കരൻ :

ശ്രീമതി കെ.കെ. ശൈലജ ടീച്ചർ :

ശ്രീ. സി.പി. ബാലൻ വൈദ്യർ :

ശ്രീ. ടി.കെ. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയം ഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ പ്രദേശങ്ങളിൽ തെരുവുനായ്ക്കളുടെ ശല്യം വർദ്ധിച്ചുവരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന് പരിഹാരം കാണാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; ഇക്കാര്യത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(സി) പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ പ്രദേശങ്ങളിൽ കണ്ടുവരുന്ന തെരുവുനായ്ക്കളുടെ ശല്യം ഒഴിവാക്കാൻ എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ;

(ഡി) തെരുവുനായ്ക്കളുടെ ശല്യം ഇല്ലാതാക്കാൻ നടപടി സ്വീകരിക്കാൻ സംസ്ഥാന വ്യാപകമായി ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുമോ;

(ഇ) തെരുവുനായ്ക്കളുടെ ശല്യം ഇല്ലാതാക്കുന്നതിന് പേ ബാധിച്ച നായ്ക്കളെ കണ്ടുപിടിച്ച് കൊല്ലുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സ്ഥിരം സംവിധാനമുണ്ടാക്കാൻ നടപടി സ്വീകരിക്കുമോ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലൊളി മുഹമ്മദ് കുട്ടി) :

(എ) ഉണ്ട്.

(ബി) ഉണ്ട്. തെരുവുനായ്ക്കളെ പിടിച്ച് നശിപ്പിക്കുന്നതിന് വൈദഗ്ദ്ധ്യം നേടിയ ആളുകളുടെ സേവനമാണ് വിനിയോഗിക്കുന്നത്.

(സി) ഉണ്ട്.

(ഡി) നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഇ) സ്വീകരിച്ചുവരുന്നുണ്ട്.

26 (T*146) കാലവർഷക്കെടുതിമൂലം ഉണ്ടായ നഷ്ടം

ശ്രീ. ബാബു ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാലവർഷക്കെടുതിമൂലം എന്തൊക്കെ നാശനഷ്ടമാണ് ഉണ്ടായിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly